2014-15

**SET-4**

**Series RLH**

**Code No. 12**

Roll No.

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# SUMMATIVE ASSESSMENT – II

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 90*

*Time allowed : 3 hours* | *Maximum Marks : 90*

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 14 marks |
| Section C : Grammar | 18 marks |
| Section D : Literature | 48 marks |

INTERNATIONAL INDIAN SCHOOL
LIBRARY
SENIOR GIRLS
DAMMAM

## എ വിഭാഗം / SECTION A

1. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

ബുദ്ധമതത്തിന്റെ തളർച്ചയാണ് ഇന്ത്യയിൽ ഭക്തി പ്രസ്ഥാനത്തിന് കളമൊരുക്കിയത് എന്ന് കരുതപ്പെടുന്നു. എ.ഡി. ആറാം നൂറ്റാണ്ടു മുതൽ ആണ് ഭക്തിപ്രസ്ഥാനം ദക്ഷിണേന്ത്യയിൽ പടർന്നുപിടിക്കുന്നത്. ശൈവവും വൈഷ്ണവവുമായ ധാരകൾ ഇതിനുണ്ടായിരുന്നു. അപ്പർ, സംബന്ധർ, മാണിക്യവാചർ, സുന്ദരമൂർത്തി, എന്നീ നാലു ശൈവ കവികൾ ഇവരിൽ പ്രധാനികളാണ്. കേരളീയനായ തമിഴ് കവി കുലശേഖര ആഴ്വാരുടെ പെരുമാൾ തിരുമൊഴി, മുകുന്ദമാല, ആണ്ടാളുടെ തിരുപ്പാവൈ, കമ്പരുടെ കമ്പരാമായണം തുടങ്ങിയവ വൈഷ്ണവധാരയിൽപ്പെടുന്നു. ഉത്തരേന്ത്യയിൽ ഒന്ന്, രണ്ട് നൂറ്റാണ്ടിനുശേഷമാണ് ഭക്ത കവികൾ രംഗപ്രവേശം ചെയ്യുന്നത്. രാമാനന്ദൻ, കബീർ, ദാദു, മീര, ജ്ഞാനദേവൻ, നാമദേവൻ, രാമദാസൻ, സൂർദാസ്, തുളസീദാസ്, ജയദേവൻ, വിദ്യാപതി, ചണ്ഡീദാസന്മാർ തുടങ്ങിയവർ ഇവരിൽ പ്രശസ്തരാണ്.

**ചോദ്യങ്ങൾ :**

(i) ഇന്ത്യയിൽ ഭക്തിപ്രസ്ഥാനത്തിന് കളമൊരുക്കിയത് എന്താണ് ? 2

(ii) ഏതെല്ലാമാണ് ഭക്തിപ്രസ്ഥാനത്തിന്റെ മുഖ്യധാരകൾ ? 2

(iii) കേരളീയനായ തമിഴ്കവി ആരാണ് ? അദ്ദേഹത്തിന്റെ കൃതികളുടെ പേരെന്ത് ? 2

(iv) വൈഷ്ണവധാരയിൽപ്പെടുന്ന കൃതികൾ ഏതെല്ലാം ? 2

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക. 2

## ബി വിഭാഗം / SECTION B

**2.** (a) ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക. *7*

(i) ആധുനികസാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ ചെലുത്തുന്ന സ്വാധീനം.

(ii) വിദ്യാലയങ്ങളിൽ പാഠ്യേതരപ്രവർത്തനങ്ങൾക്കുള്ള സ്ഥാനം.

(iii) കീടനാശിനികൾ ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ.

(b) പൊതു മൂത്രപ്പുരകളുടെ അപര്യാപ്തത കാരണം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് ഒരു ഫീച്ചർ പ്രസിദ്ധപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. *7*

## സി വിഭാഗം / SECTION C

**3.** (a) പ്രയോഗം മാറ്റുക. *2×1=2*

(i) അയാൾ കാറിന്റെ വാതിലടച്ചു.

(ii) പിന്നീട് എന്നാൽ എന്റെ ജീവിതം സങ്കീർണ്ണമാക്കപ്പെട്ടു.

(b) അംഗിവാക്യം, അംഗവാക്യം ഇവ വേർതിരിച്ചെഴുതുക. *1*

അവൾ തലതിരിക്കുമ്പോൾ തലയിൽ കെട്ടിയ മുടി ആടി.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *1*

പശുക്കൾ, പന്നികൾ, ആടുകൾ തുടങ്ങിയ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന സഹജീവികൾ അവയ്ക്കുള്ളിലൂടെ നടന്നുണ്ടാക്കിയ ഗുഹകളുടെ അകത്ത് കടക്കുമ്പോൾ എല്ലാ പ്രകൃതി നിയമങ്ങളേയും ലംഘിച്ച് വിജയിച്ചതുപോലെയുള്ള ഒരു മഹാ സുഖം ഞാൻ അനുഭവിച്ചിരുന്നു.

(d) പരിച്ഛേദിച്ചെഴുതി സന്ധി നിർണ്ണയിക്കുക. *2×1=2*

(i) പിന്നെയും

(ii) വെണ്ണിലാവ്

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. *2×1=2*

(i) തീവണ്ടി

(ii) മൂകവേദന

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) പര്യായപദങ്ങൾ എഴുതുക. *2×1=2*

(i) വെയിൽ

(ആതപം, ആപതം, ദ്യോവ്, ദ്യോതം)

(ii) സന്ധ്യ

(ഉഷസ്സ്, പ്രദോഷം, അന്തി, മധ്യാഹ്നം)

(b) വിപരീതപദമെഴുതുക. *2×1=2*

(i) സന്ദേഹം

(സസന്ദേഹം, വിസന്ദേഹം, നിസ്സന്ദേഹം, ദുസ്സന്ദേഹം)

(ii) സ്മരിക്കുക

(സുസ്മരിക്കുക, നിർസ്മരിക്കുക, അനുസ്മരിക്കുക, വിസ്മരിക്കുക)

(c) നാനാർത്ഥപദമെഴുതുക. *2×1=2*

(i) ഗതി

(മന്ദം, പോക്ക്, അവസ്ഥ, ബുദ്ധി)

(ii) കല്യാണം

(നിശ്ചയം, മരണം, മംഗളം, വിവാഹം)

(d) അർത്ഥവ്യത്യാസം എഴുതുക. *2×1=2*

(i) ഉദ്ദേശം - ഉദ്ദേശ്യം

(ലക്ഷ്യം, ഏകദേശം, സ്ഥലം, കോപം)

(ii) അജ്ഞാതം - അജ്ഞാനം

(അറിവില്ലായ്മ, ബുദ്ധി, കള്ളം, അറിയപ്പെടാത്ത)

(e) എതിർലിംഗപദം എഴുതുക. *2×1=2*

(i) ഉടമസ്ഥൻ

(ഉടമസ്ഥി, ഉടമസ്ഥ, ഉടമ, ഉടമസ്ത്രീ)

(ii) ധനികൻ

(ധനികത്തി, ധനകി, ധനികി, ധനിക)

## ഡി വിഭാഗം / SECTION D

5. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക. $8\times\frac{1}{2}=4$

(a) താഴെ കൊടുത്തവയിൽ മഹാകവി അക്കിത്തത്തിന്റേതല്ലാത്ത കൃതി ഏത് ?

(ആലഞ്ഞാട്ടമ്മ, ബലിദർശനം, കുരുക്ഷേത്രം, ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)

(b) വാതിലിൽ വന്നു മുട്ടി വാൽസല്യത്തോടെ കുശലം ചോദിക്കുന്നത് ആര് ? (അടുത്തൂൺ, പട്ടണം, ഗ്രാമം, പകൽ)

(c) കരിമ്പിൻ തോട്ടത്തിൽ കയറിയ വിശക്കുന്ന ആനയുടെ ചാരിതാർത്ഥ്യം ലേഖകന് തോന്നിയതെപ്പോൾ ?

(ദിവാസ്വപ്നം കാണുമ്പോൾ, എലിക്കുളത്തെത്തുമ്പോൾ, സ്ഥലനാമപ്പട്ടിക എഴുതുമ്പോൾ, സ്നാനം ചെയ്യുമ്പോൾ)

(d) 'ഗോവിന്ദം ഭജ മൂഢമതേ' – ആര് രചിച്ച കൃതിയാണ് ?

(അക്കിത്തം, സക്കറിയ, പി. കുഞ്ഞിരാമൻ നായർ, ഇ. ഹരികുമാർ)

(e) 'സൗന്ദര്യപൂജ'യിൽ കവി ഏതെല്ലാം മാസങ്ങളേയാണ് ചിത്രീകരിച്ചിരിക്കുന്നത് ?

(കന്നിമാസം കഴിഞ്ഞ് തുലാം പിറക്കുന്നത്, ചിങ്ങമാസം കഴിഞ്ഞ് കന്നി പിറക്കുന്നത്, കന്നിമാസം കഴിഞ്ഞ് ചിങ്ങം പിറക്കുന്നത്, ചിങ്ങവും കന്നിയും കഴിഞ്ഞ് തുലാം പിറക്കുന്നത്)

(f) 'മനസ്സിൽ എവിടെയൊക്കെയോ മുറിവുകൾ ഉണ്ടാവുകയാണ്.' കഥാ സന്ദർഭം എന്ത് ?

(സാരി തിരഞ്ഞ് കിട്ടാതായപ്പോൾ, പൂച്ചക്കുട്ടി വാഹനത്തിനടിയിൽപ്പെട്ട് ചത്തപ്പോൾ, ബാലിക അനാഥയാണെന്നറിഞ്ഞപ്പോൾ, ബാലികയെ മറ്റൊരു കുടുംബം കൂട്ടിക്കൊണ്ടു പോകുന്നത് കണ്ടപ്പോൾ)

(g) 'ശ്രീ' – എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കവി ആര് ?

(പി.കുഞ്ഞിരാമൻ നായർ, വൈലോപ്പിള്ളി ശ്രീധരമേനോൻ, കടമ്മനിട്ട രാമകൃഷ്ണൻ, കുമാരനാശാൻ)

(h) 'തുടരണി മണി കിലുങ്ങും മേടുകൾ' – ഇവിടെ കവി സൂചിപ്പിക്കുന്നത് എന്ത് ?

(പൂജ ചെയ്യുന്നത്, പശുക്കൾ മേയുന്ന മേടുകൾ, കവുങ്ങും തെങ്ങും നിറഞ്ഞ തോട്ടം, മുളങ്കാടുകൾ)

6. (a) ഉത്തരം എഴുതുക. *4×4=16*

(i) വൃക്ഷനിബിഡമായ ഉരുളിക്കുന്നത്തിനെ കഥാകൃത്ത് വിവരിക്കുന്നതെങ്ങനെയാണ് ?

(ii) ഉരുളിക്കുന്നത്തെ മനുഷ്യർ കഥാകൃത്തിന് നൽകിയത് എന്തൊക്കെയാണ് ? അത് അദ്ദേഹത്തിന് പ്രയോജനപ്പെട്ടത് എങ്ങനെ ?

(iii) 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' – എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം അനുയോജ്യമായിരിക്കുന്നു ?

(iv) 'അയാൾ കാറിന്റെ വാതിലടച്ചു. കുറേ നേരം സ്റ്റിയറിംഗ് വീലിന്മേൽ കൈ വച്ച് അനങ്ങാനാവാതെ ഇരുന്നു.' – കഥാസന്ദർഭം വിശദമാക്കുക.

(b) (i) കുഗ്രാമലക്ഷ്മി കണ്ണീരണിയാൻ കാരണമെന്ത് ? വിശദമാക്കുക.

(ii) "അരിവാളേന്തി നില്ക്കുന്നു
കന്നി കർഷക കന്യക" — കാവ്യഭംഗി വ്യക്തമാക്കുക.

(iii) "പഹയന്മാരോടു പകരം വീട്ടട്ടെ
പകയിൽ നീറുന്ന വരുന്ന കാലങ്ങൾ" — കവിയെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ച വസ്തുത എന്ത് ?

(iv) "പറവൂ നിസ്സന്ദേഹമിന്നു ഞാൻ മുക്കുറ്റിപ്പൂ
കരളിൽ തുടുപ്പോലുമഞ്ചിതള്ളുകളത്രേ" — സന്ദർഭവും സാരസ്യവും വ്യക്തമാക്കുക. *4×4=16*

**7.** ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. *2×6=12*

(a) അപ്പു അത്ഭുതങ്ങളുടെ മനുഷ്യനായതെങ്ങനെയെന്ന് വിശദീകരിക്കുക.

(b) "വിസ്മയിപ്പിക്കുന്ന ഒരു ലോകത്തിലേക്കാണ് മൃതസഞ്ജീവനിയിലൂടെ കഥാകാരി നമ്മെ കൊണ്ടുപോകുന്നത് " — സമർത്ഥിക്കുക.

(c) ഒരു ശാസ്ത്രകഥ എന്ന രീതിയിൽ 'മൃതസഞ്ജീവനി' യെ വിലയിരുത്തുക.